(ബി) ഇല്ല. പ്രമേഹ രോഗബാധയെ തുടർന്ന് കാൽ മുറിച്ചു മാറ്റേണ്ടിവന്ന ശ്രീ. കെ. എം. ഗോപാലന് കോഴിക്കോട് മെഡിക്കൽ കോളേജിൽ കിടന്ന് ചികിത്സ നടത്തിയ കാലയളവിലേയ്ക്ക് അർഹമായ സാധാരണ ചികിത്സാധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(സി) ശ്രീ. കെ.എം. ഗോപാലന് പ്രതിമാസം 600 രൂപ നിരക്കിൽ 8/2014 മുതൽ പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

അന്യ സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി നിയമ നിർമ്മാണം

234 (2789) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യ സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) അന്യ സംസ്ഥാന തൊഴിലാളികളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി എന്തെല്ലാം വ്യവസ്ഥകളാണ് പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്തുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) പരിഗണനയിലുണ്ട്. അന്യസംസ്ഥാന തൊഴിലാളികൾക്ക്, ക്ഷേമനിധി ഉറപ്പാക്കുന്ന കേരള മൈഗ്രന്റ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ബിൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) അന്തർ സംസ്ഥാന തൊഴിലാളികളെ ജോലിക്ക് നിയോഗിക്കുന്ന തൊഴിലുടമകൾ മുഖേന ടി തൊഴിലാളികളുടെ നിർബന്ധിത രജിസ്ട്രേഷൻ നടത്തുന്നതിനും അന്തർ സംസ്ഥാന തൊഴിലാളികൾക്ക് ചികിത്സാ ധനസഹായം, അപകട മരണം സംഭവിക്കുകയാണെങ്കിൽ മരണാനന്തര ആശ്വാസധനസഹായം, 5-ൽ

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ അന്തർ സംസ്ഥാന തൊഴിലാളികളെ തൊഴിലിന് നിയോഗിച്ചാൽ തൊഴിലാളികൾക്ക് താമസസൗകര്യം തൊഴിലുടമ ഏർപ്പെടുത്തണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) കരട് ബിൽ മന്ത്രിസഭായോഗത്തിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് മുഖേന പെൻഷൻ

235 (2790) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ബിൽഡിംഗ് ആന്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് മുഖേന പെൻഷൻ നൽകുന്നത് സർക്കാർ വിലയിരുത്താറുണ്ടോ ;

(ബി) പെൻഷൻ നമ്പർ പി.പി.ഒ. EKM-11574 പ്രകാരം ശ്രീമതി ശോശാമ്മ, ചിറങ്ങര വീട്, ചുണ്ടക്കുഴി, പി.ഒ. മുടക്കുഴ, എറണാകുളം എന്നയാൾക്ക് ലഭിച്ചുകൊണ്ടിരുന്ന പെൻഷൻ ഇപ്പോൾ റദ്ദുചെയ്തിട്ടുണ്ടോ ; എങ്കിൽ ഇതിനിടയാക്കിയ സാഹചര്യം വ്യക്തമാക്കുമോ ;

(സി) ശ്രീമതി ശോശാമ്മയ്ക്ക് തുടർന്നും പെൻഷൻ ലഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) പെൻഷൻ റദ്ദ് ചെയ്തിട്ടില്ല. ശ്രീമതി ശോശാമ്മയ്ക്ക് (പി.പി.ഒ EKM-11574) 09/13 വരെ ചീഫ് ഓഫീസിൽനിന്ന് പെൻഷൻ നൽകിയിട്ടുണ്ട്. 2013 നവംബർ മാസം സമർപ്പിക്കേണ്ട ലൈഫ് സർട്ടിഫിക്കറ്റ് യഥാസമയം ജില്ലാ ഓഫീസിൽ ഹാജരാക്കാത്തതിനാലാണ് 10/13 മുതൽ പെൻഷൻ വിതരണം ചെയ്യാതിരുന്നത്. ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് കുടിശ്ശികയായ പെൻഷൻ ഉൾപ്പെടെ തുടർന്നുള്ള പെൻഷൻ ലഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly